## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1953 — 14.07.2011—ൽ മറുപടിക്ക്

## പൂർത്തീകരിക്കുവാനുള്ള ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ പൂർത്തീകരിക്കു വാനുള്ള ജലവിതരണ പദ്ധതികൾ ഏതെല്ലാമെന്നും അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്ത മാക്കുമോ;<br>(ബി) ഓരോ പദ്ധതികളും പൂർത്തീ കരിക്കുന്നതിന് ഇനി എത്ര തുക വീതം വേണ്ടി വരുമെന്നും മറ്റേതെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ യെന്നും വ്യക്ത മാക്കുമോ? | (എ) & (ബി) 1) പയ്യന്നൂർ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള യു.ഐ.ഡി.എസ്.എസ്.എം.റ്റി കുടിവെള്ള പദ്ധതി.<br>അടങ്കൽ തുക — 4019 ലക്ഷം രൂപ<br>ഈ പദ്ധതിക്ക് ആവശ്യമായ എല്ലാ പൈപ്പുകളും ലഭിച്ചുകഴിഞ്ഞു. ഭൂതല സംഭരണിയുടെ പ്രവൃത്തി പൂർത്തിയായി. ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തി പൂർത്തികരിച്ചു വരുന്നു. തദ്ദേശവാസികളുടെ എതിർപ്പ് കാരണം ശുദ്ധീകരണശാലയുടെ പണി നിർത്തി വച്ചിരിക്കുകയാണ്.<br>ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി 2431 ലക്ഷം രൂപ കൂടി വേണ്ടിവരും.<br>തദ്ദേശവാസികളുടെ എതിർപ്പ് നില നിൽക്കുന്നു.<br>2. കൂത്ത് പറമ്പ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി.<br>അടങ്കൽ തുക — 5300 ലക്ഷം രൂപ |

ഈ പദ്ധതിയുടെ കിണർ, പമ്പിംഗ് മെയിൻ, ജലസംഭരണി, സമ്പിൽ നിന്നുള്ള പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങൾ പൂർത്തിയായി. ശുദ്ധീകരണശാല, 28 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഭൂതല സംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തികരിച്ചുവരുന്നു. ഗ്രാവിറ്റി മെയിൽ — പാക്കേജ് IV —ന്റെ ടെണ്ടറിന് കേരള സർക്കാർ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

ക്ളിയർ വാട്ടർ ഗ്രാവിറ്റി മെയിൽ, വിതരണ ശൃംഖല എന്നീ ഘടകങ്ങളുടെ ടെണ്ടറുകൾ പരിശോധനയിലാണ്.

ഈ പദ്ധതി പൂർത്തികരിക്കുന്നതിന് ഇനി 4755 ലക്ഷം കൂടി വേണം.

നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല.

3) പാട്യം — കോട്ടയം സെൻസസ് ടൗണുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

അടങ്കൽ തുക — 2700 ലക്ഷം രൂപ

ഈ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, മൂന്ന് ഭൂതല സംഭരണികൾ എന്നിവ പൂർത്തീകരിച്ചു. ശുദ്ധീകരണശാലയുടെ പ്രവൃത്തി പൂർത്തിയായി വരുന്നു. വിതരണ ശൃംഖലയുടെ ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഈ പദ്ധതി പൂർത്തികരിക്കുന്നതിന് 2408 ലക്ഷം രൂപ കൂടി വേണ്ടി വരും.

നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല.

4) ഇരിക്കൂറിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.

1992—ൽ ആരംഭിച്ച ഈ പദ്ധതിക്ക് പവർ കണക്ഷൻ ലഭിച്ച് ട്രയൽ റൺ നടത്തിയപ്പോൾ പല സ്ഥലത്തും ലീക്ക് ഉണ്ടായി. ലീക്ക് റക്ടിഫിക്കേഷൻ വർക്കുകൾ നടത്തുവാനുണ്ട്. കൂടാതെ ജെ.ബി.ഐ.സി പ്രോജക്ടിനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുമ്പോൾ ഈ പദ്ധതിയുടെ ഏകദേശം 6000 മീറ്റർ പൈപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കേടായ പൈപ്പുകൾ എടുത്ത് മാറ്റി പുതിയ പൈപ്പുകൾ

സ്ഥാപിക്കുന്നതിന് ജെ.ബി.ഐ.സി—ക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അറ്റകുറ്റപണികൾ പൂർത്തിയാക്കി അാറ് മാസത്തിനകം കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഈ പദ്ധതിക്ക് ഇനി 235 ലക്ഷം രൂപ വേണ്ടി വരും.

5) പടിയൂർ — വയത്തൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി.

1999—ൽ ആരംഭിച്ച ഈ പദ്ധതിയുടെ സ്രോതസ്സിലും ശുദ്ധീകരണശാലയിലും വൈദ്യുതി കണക്ഷൻ ലഭിച്ചു. ബൂസ്റ്റർ സമ്പ്, പമ്പ് ഹൗസ് എന്നിവയുടെ പ്രവൃത്തി ഏകദേശം 80% പൂർത്തീകരിച്ചു. പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിച്ചാൽ പദ്ധതി കമ്മീഷൻ ചെയ്യുവാൻ കഴിയും. വിതരണ ശൃംഖലയിൽ കൾവർട്ട് ക്രോസിംഗ് ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തികരിച്ചു. അറ്റകുറ്റപണികൾ പൂർത്തീകരിച്ച് 6 മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ഈ പദ്ധതിക്ക് ഇനി 60 ലക്ഷം രൂപ കൂടി വേണ്ടി വരും.

6) എരുവേശ്ശി പഞ്ചായത്തിലെ പൂപ്പറമ്പ കുടിവെള്ള പദ്ധതി.

ഈ പദ്ധതിയുടെ പമ്പ് സെറ്റ് സ്ഥാപിക്കാനുണ്ട്. പവർ കണക്ഷൻ ലഭിക്കാനുണ്ട്.

ഈ പദ്ധതിക്ക് ഇനി 16.50 ലക്ഷം രൂപ വേണ്ടി വരും.

7) നൂറ് ഏക്കർ — പാറോത്തുമല കുടിവെള്ളപദ്ധതി (ഉദയഗിരി പഞ്ചായത്ത്)

ഈ പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

ഈ പദ്ധതിക്ക് ഇനി 19.50 ലക്ഷം രൂപ വേണ്ടി വരും.

8) ഹരിതീർത്ഥകര കുടിവെള്ള പദ്ധതി (കങ്കോൽ ആലപ്പടമ്പ പഞ്ചായത്ത്)

ഈ പദ്ധതിയുടെ കിണറിൻെറ നിർമ്മാണം 50% പൂർത്തീകരിച്ചു.

പദ്ധതിക്ക് ഇനി 25.10 ലക്ഷം രൂപ വേണ്ടി വരും.

9) തലശ്ശേരി — ഇടക്കാല വിപുലീകരണ പദ്ധതി.

ഈ പദ്ധതിയുടെ ഗ്യാപ്പ് കണകഷൻ വർക്കും അറ്റകുറ്റ പണികളും

... കുടിവെള്ള പദ്ധതി ഈ പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ച് വരുന്നു.

ഈ പദ്ധതിക്ക് ഇനി 11.20 ലക്ഷം രൂപ വേണ്ടി വരും.

11) പാലക്കുന്ന് ചക്ളിയ കോളനി കുടിവെള്ള പദ്ധതി ഈ പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

ഈ പദ്ധതിക്ക് ഇനി 19.50 ലക്ഷം രൂപ വേണ്ടി വരും.

12) മാഹിയിലെ 9 മുതൽ 14 വരെ വാർഡുകളിലേക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതി.

ഈ പദ്ധതിയുടെ 95% പ്രവൃത്തികൾ പൂർത്തീകരിച്ചു.

ഈ പദ്ധതിക്ക് ഇനി 33 ലക്ഷം രൂപ വേണ്ടി വരും.

4 മുതൽ 12 വരെയുള്ള വാർഡുകളിലെ പദ്ധതി പ്രവൃത്തികൾക്ക് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല.

13) അഞ്ചരക്കണ്ടി ശുദ്ധജലവിതരണ പദ്ധതി

ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തിയായിട്ടുണ്ട്. ട്രയൽ റൺ നടന്നുകൊണ്ടിരിക്കുന്നു.

ഈ പദ്ധതിക്ക് ഇനി 3351.87 ലക്ഷം രൂപ വേണ്ടി വരും.

14) തൃപ്പങ്ങോട്ടൂർ ശുദ്ധജല വിതരണ പദ്ധതി.

ഈ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, ജലസംഭരണി, 8 കിലോ മീറ്റർ വിതരണ ശൃംഖല എന്നിവ 1999—ൽ പൂർത്തീകരിച്ചു. ക്ളോറിനേഷൻ മാത്രം നടത്തി താല്കാലികാടിസ്ഥാനത്തിൽ ജലവിതരണം നടത്തി വരുന്നു. എന്നാൽ ഇതിന്റെ ശുദ്ധീകരണശാല, വെൻറഡ് ക്രോസ്ബാർ (തടയണ), ബാക്കിയുള്ള 53.19 കിലോമീറ്റർ വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ശുദ്ധീകരണശാലയുടെ പ്രവൃത്തിക്ക് രണ്ട് തവണ ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും, ലഭിച്ച ദർഘാസുകൾ എസ്റ്റിമേറ്റ് തുകയേക്കാളും വളരെ ഉയർന്ന നിരക്കായതിനാൽ ദർഘാസുകൾ റദ്ദ് ചെയ്യുകയും പുതുക്കിയ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. വെൻറഡ് ക്രോസ്ബാർ,

സോഴ്സ് സസ്റ്റയിനബിലിറ്റി—യിൽ ഉൾപ്പെടുത്തി എസ്.എൽ.എസ്.സി—യുടെ അനുമതിക്കായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ബാക്കിയുള്ള 53.19 കിലോമീറ്റർ വിതരണ ശൃംഖല " ക്വാളിറ്റി അഫക്ടഡ് ഹാബിറ്റേഷൻ " വിഭാഗത്തിൽ ഉൾപ്പെടുത്തി എസ്.എൽ.എസ്.സി—യുടെ അനുമിക്കായി പ്രോജക്ട് റിപ്പോരട്ട് തയ്യാറാക്കി വരുന്നു. ഈ പദ്ധതി പൂർത്തികരിക്കുന്നതിന് ഇനി 554.32 ലക്ഷം രൂപ കൂടി വേണ്ടി വരും.

15) ജൈക്ക സഹായത്തോടെ നടപ്പിലാക്കുന്ന പട്ടുവം ജലവിതരണ പദ്ധതി.

ഈ പദ്ധതിയുടെ ഇൻടെക് വെൽ, ജലശുദ്ധീകരണശാല, റോവാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പണികൾ 96% ഉം, ട്രാൻസ്മിഷൻ മെയിനിന്റെ പണികൾ 89% ഉം , വിതരണ ശൃംഖലയുടെ പണികൾ 30% ഉം, ജലസംഭരണികളുടെ പണികൾ 80% ഉം പൂർത്തീയായിട്ടുണ്ട്. 2012 അവസാനത്തോടുകൂടി ഈ പദ്ധതി പൂർണ്ണമായും, സർക്കാരിൻെറ നൂറ് ദിന പരിപാടി പ്രകാരം ഭാഗിമായും കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ഈ പദ്ധതി പൂർത്തീകരിക്കാൻ ഇനി 160 കോടി രൂപ വേണ്ടി വരും.

പദ്ധതി പൂർത്തിയാക്കുന്നതിന്, വിതരണ ശൃംഖല ഏറ്റെടുത്ത കരാറുകാരൻെറ വീഴ്ച ഹേതുവായി ദർഘാസുകൾ വീണ്ടും ക്ഷണിക്കേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ